**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4514 — 20.10.2011-ൽ മറുപടിയ്ക്ക്

**<u>ബൈക്കിൽ സഞ്ചരിച്ച് കുറ്റകൃത്യങ്ങൾ നടത്തുന്നവർ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | കെ.എൽ-5 ഇ 3490-ാം നമ്പർ എൻഫീൽഡ് മോട്ടോർസൈക്കിളിൽ വന്ന് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയിൽവച്ച് സ്ത്രീകളുടെ മാല പൊട്ടിക്കുവാൻ ശ്രമിച്ചത് സംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർക്കും, ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണർക്കും പരാതി ലഭിച്ചിട്ടുണ്ടോ ; | (എ& (ബി) | പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് നാളിതു വരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ ; | | |
| (സി) | പ്രസ്തുത വാഹനം കന്റോൺമെന്റ് സ്റ്റേഷന്റെ സമീപത്ത് വച്ച് 21.5.2011-ൽ തെറ്റായ ദിശയിൽ വന്ന് മറ്റൊരു വാഹനത്തെ ഇടിച്ച് കേട് വരുത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; | (സി& ഡി) | ഉണ്ട്. ഇത് സംബന്ധിച്ച പരാതി നം.307/11/Ptn-നുമേൽ അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷൻ സെക്ടർ -2ലെ A.S.I യെ നിയോഗിച്ചിട്ടുണ്ട്. |

..........2

കൈക്കൊണ്ടിട്ടുണ്ട് ;

(ഇ) പ്രസ്തുത വാഹനം മ്യൂസിയത്തിന് സമീപമുള്ള റോഡിൽ ബുള്ളറ്റ് റെയിസിംഗിൽ സ്ഥിരമായി പങ്കെടുക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) 21.5.2011-ൽ ട്രാഫിക് നോർത്ത് എ.സി-ക്ക് ലഭിച്ച പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ കേസിന്റെ നമ്പരും വിശദാംശവും വെളിപ്പെടുത്തുമോ ?

(ജി) നിരന്തരം വിവിധ കുറ്റകൃത്യങ്ങളിൽ പങ്കെടുക്കുന്ന ഈ വാഹനത്തെ കണ്ടെത്തി നിയമനടപടികൾ കൈക്കൊള്ളുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ

(എഫ് &ജി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ട്രാഫിക് എ.എസ്.ഐ. നടത്തിയ അന്വേഷണത്തിൽ ടി വാഹനത്തിന്റെ രജിസ്റ്റേർഡ് ഓണർ ജോൺ ജോസഫ് (s/o ജോസഫ്, വള്ളപ്പുരയ്ക്കൽ, ചെമ്മണ്ണത്തുകര, വൈക്കം) ആണെന്ന് അറിഞ്ഞിട്ടുള്ളതും ടിയാനുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ ടി വാഹനം ഷിബു.ഐ വർഗ്ഗീസ്, s/o വർഗ്ഗീസ്, ഇല്ലിക്കൽ ഹൗസ്, തൃപ്പൂണിത്തുറ എന്നയാൾക്ക് വിറ്റെന്നും അറിയാൻ കഴിഞ്ഞു. ടി ഷിബു.ഐ വർഗ്ഗീസാണ് ആർ.റ്റി. ഓഫീസ് രേഖകളിൽ പ്രസ്തുത വാഹനത്തിന്റെ ഇപ്പോഴത്തെ രജിസ്റ്റേർഡ് ഓണർ. ഷിബു ഐ വർഗ്ഗീസ് ടി മോട്ടോർ സൈക്കിൾ, പ്രവീൺ കുമാർ, കടക്ക ഹൗസ്, മരട്, തൃപ്പൂണിത്തുറ എന്നയാൾക്ക് വീണ്ടും കച്ചവടം നടത്തിയെന്നും അറിഞ്ഞു. തുടർന്ന് ടി പ്രവീൺ കുമാറിന് സ്റ്റേഷനിൽ വാഹനവുമായി ഹാജരാകാൻ നിർദ്ദേശിച്ച് കത്തയച്ചെങ്കിലും വിലാസം ശരിയല്ലാതെ കത്ത് തിരികെ വന്നിട്ടുള്ളതാണ്. ഇതേ തുടർന്ന് ടി വാഹനം കണ്ടെത്തുന്നതിന് പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

Mayhell

സെക്ഷൻ ഓഫീസർ.